(ഡി) ഭൂവികസന നികുതി ഈടാക്കുന്നതിലുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

115 (2271) അയിരൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് എന്തുതുക സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിച്ച തുക : 43,13,000/-

ലഭിച്ച തുക : 32,46,515/-

(ബി) 8,85,379 രൂപ.

(സി) ഉൽപ്പാദന മേഖലയ്ക്ക് 11,82,374/- രൂപ ലഭിച്ചതിൽ 5,67,600 രൂപ ചെലവഴിച്ചു. സേവന മേഖലയ്ക്ക് ലഭിച്ച 15,76,326 രൂപയിൽ 2,05,000 രൂപ ചെലവഴിച്ചു. പശ്ചാത്തല മേഖലയിൽ ലഭിച്ച 11,82,300 രൂപയിൽ 100,000 രൂപ ചെലവഴിച്ചു.

(ഡി) ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

116 (2272) ഗ്രാമപഞ്ചായത്തിലെ പണാപഹരണം

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപ്പഞ്ചായത്തിൽ നടന്ന പണാപഹരണത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് പഞ്ചായത്ത് വകുപ്പ് ശുപാർശ ചെയ്തത് എന്നാണ്;

(ബി) ഏത് വർഷങ്ങളിൽ നടന്ന പണാപഹരണത്തെ സംബന്ധിച്ചാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയത്;

(സി) ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തെ തുടർന്ന് വിജിലൻസ് വകുപ്പിനോട് ഏതെല്ലാം കാര്യങ്ങൾ അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) കുറ്റാരോപണത്തിന് വിധേയരായ ഏതെല്ലാം ഉദ്യോഗസ്ഥന്മാരെയാണ് സർവീസിൽനിന്നും സസ്പെന്റ് ചെയ്തത്;

LIBRARY ARCHIVES Kerala Legislative Assembly